# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **642** 07.01.2014-ൽ മറുപടിക്ക്

## സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. ഗീതാ ഗോപി** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഇപ്പോൾ തിരുവനന്തപുരത്തു പ്രവർത്തിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ട്രിബ്യൂണലിൽ ആവശ്യമായ ജഡ്ജിമാരുടെ എണ്ണം എത്രയായിട്ടാണ് നിശ്ചയിച്ചിരിക്കുന്നതെന്നും ഇപ്പോൾ പ്രവർത്തിക്കുന്നവർ എത്രയാണെന്നും അറിയിക്കാമോ ; | (ബി) ട്രിബ്യൂണലിൽ ആവശ്യമായ മെമ്പർമാരുടെ എണ്ണം ചെയർമാൻ ഉൾപ്പെടെ 6 ആയിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. ഇപ്പോൾ ചെയർമാനും 2 അഡ്മിനിസ്ട്രേറ്റീവ് മെമ്പർമാരും പ്രവർത്തിക്കുന്നു. |
| (സി) ട്രിബ്യൂണലിൽ ആവശ്യമായ അനുബന്ധ ജീവനക്കാർ എത്രയാണെന്നും നിലവിൽ നിയമിക്കപ്പെട്ടിട്ടുള്ളവർ എത്രയാണെന്നും അറിയിക്കുമോ ; | (സി) ട്രിബ്യൂണലിൽ അനുവദിച്ചിട്ടുള്ള അനുബന്ധ ജീവനക്കാരുടെ എണ്ണം 110 ഉം നിലവിൽ നിയമിക്കപ്പെട്ടിട്ടുള്ളവർ 54 ഉം ആണ്. ഇതിൽ 4 പാർട്ട് ടൈം സ്വീപ്പേഴ്സും 4 പി.എ/പി.എസ് മാരും ഒഴികെ എല്ലാവരും അന്യത്ര സേവനം ചെയ്യുന്നവരാണ്. |
| (ഡി) ട്രിബ്യൂണലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ? | (ഡി) ജുഡീഷ്യൽ മെമ്പർമാരുടെ നിയമനം സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ |

നിലവിലുള്ള എസ്.എൽ.പി.(സി) നമ്പർ. 14645/2012 ൽ അന്തിമ വിധി വരുന്ന തോട്ടുകൂടി രണ്ടു ജുഡീഷ്യൽ മെമ്പർമാരുടെ ഒഴിവുകൾ നികത്തുന്നതിനായി നടപടി ക്രമങ്ങൾ കൈക്കൊള്ളാനാകും. മെമ്പർ മാരുടെ ഒഴിവുകൾ നികത്തുന്നതോട്ടുകൂടി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പൂർണ്ണമായി പ്രവർത്തന സജ്ജമാകുകയും കൂടുതൽ കാര്യക്ഷമമാവുകയും ചെയ്യും.

സെക്ഷൻ ഓഫീസർ